

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്
2017-18
ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)52/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680 020.
e-mail-id :dotsr.ksad@kerala.gov.in

ഫോൺ: 0487 2331249
തീയതി : 26.03.19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1,2-2 ഭാഗം 3ലെ 3-4,3-7 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)52/2019 തിയ്യതി. 26.03.2019

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 06-11-2017 മുതൽ 31-3-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.രാജഗോപാലൻ സി. ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	4.12.2018 മുതൽ 11.12.2018 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ
	ശ്രീ. സിനിലാൽ എം.ജി അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ ജോമോൻ ഇ. കെ.

	അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി. നിജു സി.എസ്, ഓഡിറ്റർ

നിർവ്വഹണ അധികാരികൾ

പ്രസിഡന്റ്	ശ്രീ.കെ കെ ആബീദലി
സെക്രട്ടറി	ശ്രീ. എ.വി. ജോസ് പ്രകാശ്, 01.4.2017 മുതൽ 24.8.2017 വരെ
	ശ്രീമതി.ഷംല യു എം 25.8.2017 മുതൽ 20.11.2017 വരെ
	ശ്രീ.സി കെ മോഹനൻ നായർ 21.11.2017 മുതൽ 21.12.2017 വരെ
	ശ്രീമതി.ഷംല യു എം 22.12.2017 മുതൽ 07.01.2018 വരെ
	ശ്രീമതി.വിനീത സോമൻ എം 08.01.2018 മുതൽ 14.01.2018 വരെ
	ശ്രീമതി.ഷംല യു എം 15.01.2018 മുതൽ 16.02.2018 വരെ
	ശ്രീമതി.വിനീത സോമൻ എം 17.02.2018 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	ശ്രീ. ഡി. ബിജു	1.04.2017 മുതൽ 08.11.17 വരെ
	ശ്രീ മന്മദൻ പി സി	09.11.2017 മുതൽ 31.03.18 വരെ
സൂപ്രണ്ട്, സി.എച്ച്.സി., പെരിഞ്ഞനം	ശ്രീ. സാനു എം.പരമേശ്വരൻ	1.04.2017 മുതൽ 31.3.18 വരെ
സി.ഡി.പി.ഒ., മതിലകം	ശ്രീമതി.രാജലക്ഷ്മി.ടി.ആർ.	1.04.2017 മുതൽ 24.7.17 FNവരെ
	ശ്രീമതി.സുമം കെ ആർ	24.07.2017 A N മുതൽ 31.3.18വരെ
എസ്.സി.ഡി.ഒ, മതിലകം	ശ്രീ ഗിരീഷ് കുമാർ പി	1.04.2017 മുതൽ 31.3.18 വരെ
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, മതിലകം	ശ്രിമതി.പി.ഉഷ	1.04.2017മുതൽ 26.6.17 വരെ
	ശ്രിമതി.ജ്യോതി പി ബിന്ദു	27.06.2017മുതൽ 09.7.17 വരെ
	ശ്രീമതി.സബിത കെ എ	10.07.2017മുതൽ 13.9.17 വരെ
	ശ്രീ മുഹമ്മദ് ഇസ്മയിൽ എം എച്ച്	14.09.2017മുതൽ 07.12.17 വരെ
	ശ്രീമതി.ഫാൻസി പരമേശ്വരൻ (അധിക ചുമതല)	08.12.2017മുതൽ 12.2.18 വരെ
	ശ്രീ.ശശി മേനോൻ (അധിക ചുമതല)	13.02.2018മുതൽ 31.3.18 വരെ
ക്ഷീര വികസന ഓഫീസർ,	ശ്രീ.ഐ. വിധു വർക്കി	1.04.2017മുതൽ

മതിലകം		31.3.18 വരെ
ഐ.ഇ.ഒ.	ശ്രീമതി. ജിനി. പി.ജി.	1.04.2017മുതൽ 31.3.18വരെ

ഉള്ളടക്കം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	ക്യാഷ് വെരിഫിക്കേഷൻ	1-7
8	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	അക്കൗണ്ട്സ് അപാകതകൾ	1-10
11	വാടക-മുൻകാല ഓഡിറ്റ്പരാമർശങ്ങൾ/നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടന്നില്ല	2-1
12	ലേലം നടത്തിപ്പ്-ഫയൽ സൂക്ഷിക്കുന്നില്ല-മറ്റ അപാകതകൾ	2-2
13	തുല്യതാ പരീക്ഷ- വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.	3-1
14	കോൺഫറൻസ് ഹാളിലേക്ക് എൽ.സി.ഡി: വാറന്റി സംബന്ധിച്ച വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.	3-2
15	വകയിരുത്തിയ തുക ചെലവഴിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി.	3-3
16	ജല സാക്ഷരതയും ജല സംരക്ഷണ പ്രവർത്തനങ്ങളും - പദ്ധതി ലക്ഷ്യം നേടിയില്ല.	3-4
17	ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	3-5
18	ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം ലൈസൻസ് ലഭ്യമാക്കണം.	3-6
19	ഭവന നിർമ്മാണ പദ്ധതികൾ- പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.	3-7
20	എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ	3-8
21	പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി- അപാകതകൾ	3-9
22	ഗുണഭോക്തൃ ലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	3-10
23	വ്യവസായവികസന ഓഫീസർ – സന്നദ്ധഗ്രൂപ്പുകളെ കണ്ടെത്താൻ കഴിയാത്തതുമൂലം പ്രൊജക്ട് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല	3-11
24	വാഹന പരിപാലനം അപാകതകൾ	3-12
25	കാൻസർ നിർണ്ണയ ക്യാമ്പ് -മാർഗ്ഗരേഖ പാലിക്കണം	3-13
26	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	3-14
27	ഒഴിഞ്ഞുകിടക്കുന്ന വൃദ്ധസദനം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിനായി താൽകാലികകൈമാറ്റം	3-15
28	മരാമത്ത് പണികളുടെ നിർവ്വഹണത്തിന്മേലുള്ള പരാമർശങ്ങൾ വേക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടനിർമാണം – അപാകത	3-16
29	കാന്റീൻ-പ്രവർത്തനമാരംഭിച്ചില്ല	3-17

30	കോൺഫറൻസ് ഹാൾ മെയിന്റനൻസ് – ലഭിച്ച സ്റ്റാളിന്റെ ലേല വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.	3-18
31	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
32	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
33	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
34	വായ്പ/വായ്പ തിരിച്ചടവ്	4-4
35	സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്	4-5
36	ഓഡിറ്റ് റിക്കവറി	4-6
37	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
38	ഓഡിറ്റ് പ്രത്യവലോകനം	4-8
39	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-9
40	ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം – 1
41	ഓഡിറ്റ് സംക്ഷിപ്തം	അനുബന്ധം – 2

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ്

52,94,08,581/-രൂപയും, (മുന്നിരുപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് 52,66,32,385/-രൂപയും ആണ്.
ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുകലളുമായി വളരെയേറെ അന്തരം പുലർത്തുന്നു. മുൻകാല വരവു ചെലവു കണക്കുകൾതാരതമ്യം ചെയ്ത് കുറ്റമറ്റതാക്കുവാൻ ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2018	29.06.2018

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	14.09.2018, 15.09.2018	ടി.എസ്.ആർ ഇ3/1517/18 തീയതി 26.10.2018

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	44099963
വരവ്	71929083
ആകെ	116029046
ചെലവ്	79989559
നീക്കിയിരിപ്പ്	36039487

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	37436985	37436985	33656830	3780155
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	16258000	16258000	10075947	6182053
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	11000	11000	0	11000
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	0	0	00	0
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	4873000	4873000	4257387	615613
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	0	0	0	0
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		0	0	0	0	0
സാക്ഷരത		124917	7761	132678	0	132678
ദുരിതാശ്വാസനിധി		0	0	0	0	0
എം.ജി.എൻ.ആർ.ഇ.ജി.എസ്	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	21365	472595	493960	487348	6612
കേന്ദ്രാവിഷ്കൃത ഫണ്ട്- (IAY)		1634	0	1634	1634	0
കേന്ദ്രാവിഷ്കൃത ഫണ്ട്-TSC		3107704	106298	3214002	940015	2273986
കേന്ദ്രാവിഷ്കൃത ഫണ്ട്-(IAY Additional)		32689	579	33268	20920	12348
സംസ്ഥാനാവിഷ്കൃത ഫണ്ട്- (സ്വാഭിമാൻ)		126436	9899	136335	0	136335
സംസ്ഥാനാവിഷ്കൃത ഫണ്ട്-(IAY)		30574029	15954823	46528852	21193711	25335141
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ജില്ലാ പഞ്ചായത്ത്	1950805	1786755	3737560	3159560	578000
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	1564989	1897622	3462611	691531	2771080
	ട്രഷറി അക്കൗണ്ട്	2638702	4066979	6705681	5929663	776018

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
166	80735625	145	51178663	0	21	63.39

നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽതുക	ചെലവഴിച്ച തുക	ശതമാനം
CDPO	10	10	7082100	7077080	99.92
Secretary	51	51	2,60,39,672	11,72,272	4.5
MO CHC Perinjanam	17	17	28,49,000	23,97,279	84.14
SCDO	7	7	37,28,006	24,33,190	65.26
ADA	10	10	49,87,312	37,65,712	75.50
DEO	3	3	26,60,000	26,56,800	99.85
IEO	4	4	29,08,350	5,00,000	17.19
Asst.Ex.Engg.	15	15	1,35,80,479	89,49,447	65.899
A.E.	28	28	1,69,00,706	1,20,66,873	71.39

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-12-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23.10.18-31.10.18	2017-18	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	മാർച്ച് 2018	2013-14 മുതൽ 2016-17 വരെ	8.5.18

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു എന്നുള്ളത് അഭിനന്ദനീയമാണ്. ഈ മുദ്ര ലഭിച്ച ജില്ലയിലെ ആദ്യ ഐ.എസ്.ഒ സർട്ടിഫൈഡ് ബ്ലോക്ക് പഞ്ചായത്താണ് ചൊവ്വന്നൂർ. 2017 ലെ ജോലി വിഭജന ഉത്തരവുപ്രകാരമാണ് സ്ഥാപനത്തിലെ ജീവനക്കാർ നിലവിൽ പ്രവൃത്തിനിർവഹണം നടത്തുന്നത്.

<u>നിലവിലെ പോരായ്മകൾ</u>

1)ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും വളരെയധികം അന്തരമുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകണക്കുകൾ താരതമ്യം ചെയ്ത് വസ്തുവകകളുമായി പൊരുത്തപ്പെടുംവിധം ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റ് ചർച്ച ചെയ്തതിന്റെ വിവരങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.
2)വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ ഓരോ വർക്കിംഗ് ഗ്രൂപ്പും അതത് മേഖലയിലെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ആ വിധത്തിൽ മോണിറ്ററിംഗ് ഉണ്ടായതായി കാണുന്നില്ല.
3. ബ്ലോക്ക് പഞ്ചായത്തിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നില്ല.
4.വരവിനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.
5.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുണ്ട്.

6.പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ മേഖലകളിലെ അവസ്ഥാവിശകലനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1-10 വാർഷിക കണക്കിലെ അപാകതകൾ

മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്).
2)വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാടക വിശദാംശങ്ങൾ, ഡിമാന്റ് കളക്ഷൻ എന്നിവ എഴുതിയിട്ടില്ല. RP43 പ്രകാരം വാടകയിനത്തിൽ തൻവർഷം 550104 രൂപയും കുടിശ്ശികയായി 416708 രൂപയും വരവുണ്ട്. എന്നാൽ 2016-17 വർഷത്തെ അക്കൗണ്ട്സ് B-15 വാടക തൻവർഷം, കുടിശ്ശിക എന്നീ ശീർഷകങ്ങൾ പ്രകാരം (276815/- രൂപ, 271174/- രൂപ യഥാക്രമം) 547989/- രൂപയാണ് വാടക ഈ വർഷം അരിയർ ആയി ലഭിക്കേണ്ടിയിരുന്നത്. അതുപ്രകാരം 131281/- രൂപ ബാലൻസ് കിട്ടാനുള്ളിടത്ത് B-15 പ്രകാരം 150799/- രൂപയാണ് കുടിശ്ശിക ബാക്കി ആയി കാണിച്ചിട്ടുള്ളത്. വാടക തൻവർഷ, അരിയർ ലെഡ്ജറുകളുടെ പരിശോധനയിൽ 41700023/ 01.04.17 എന്ന ഒറ്റ ജർണൽ വൗച്ചർ ഉപയോഗിച്ച് 319085/- രൂപയും 296333/- രൂപയും ഡെബിറ്റ് ചെയ്തിട്ടുണ്ട്. സാക്ഷ്യപ്പെടുത്തിയ വൗച്ചർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 1/14.09.18)

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 150799/- രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വാടകയിനത്തിലുള്ള വരവുകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

3)ലേലം, നിക്ഷേപ പ്രവർത്തി, മൻക്കുർ, സംയുക്ത സംരംഭങ്ങൾ ഗ്രാമ-ജില്ലാ പഞ്ചായത്ത്, ഉണഭോക്തൃ വിഹിതം എന്നീ ഇനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

ഡിപ്രീസിയേഷൻ കണക്കാക്കുന്നതിന്റെ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)

4)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം "340200106-Deposit-Halls & Auditoriums"എന്ന ശീർഷകത്തിൽ 5000/- രൂപയും "340100103- Deposit-Bidders EMD" എന്ന ശീർഷകത്തിൽ 9000/- രൂപയും നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 2/14.09.18). ഈ രണ്ടു തുകകളും 3 വർഷത്തിലേറെയായി ബാലൻസ് ആയി സൂക്ഷിച്ചു പോരുന്നവയാണെങ്കിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(6) പ്രകാരം ഈ തുക വരുമാനമായി അഡ്ജസ്റ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

5)2017-18 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം "350800299-other liabilities" എന്ന ശീർഷകത്തിൽ 31.03.18-ലെ ബാക്കി തുക 7763308/- സംബന്ധിച്ച ജർണൽ വൗച്ചർ, ആധികാരികമായ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. 350800199-other creditors-ലെ 90,000/- രൂപ ലെഡ്ജർ പ്രകാരം ഏതു വർഷത്തെ liability ആണെന്നുള്ള ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 2/14.09.18)

6)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7)സാമ്പത്തിക വർഷത്തെ ബാലൻസ്ഷീറ്റ് ബി 4 പട്ടിക പ്രകാരം കേരളോത്സവം ഗ്രാന്റ് ഇനത്തിൽ 3800/- രൂപയും ഗ്രാമപഞ്ചായത്ത് സംയുക്ത സംരംഭങ്ങളുടെ ഇനത്തിൽ 74,29,419/- രൂപയും ജില്ലാ പഞ്ചായത്ത് സംയുക്ത സംരംഭങ്ങളുടെ ഇനത്തിൽ 10842834/- രൂപയും ചെലവഴിക്കാത്ത തുകയായി കാണിച്ചിട്ടുണ്ട്. പക്ഷെ ചെലവഴിക്കാത്ത തുകയുടെ കൃത്യത സംബന്ധിച്ച് ആധികാരികമായ രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് -ജില്ലാ പഞ്ചായത്ത് സംയുക്ത സംരംഭങ്ങളുടെ ലെഡ്ജർ അക്കൗണ്ടുകൾ പ്രകാരം കറക്ഷൻ എൻട്രി വരുത്തിയ ജർണൽ വൗച്ചറുകൾ സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിനു ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 2/14.09.18)

7.a). 41700008/ 14.07.17 നമ്പർ ജർണൽ വൗച്ചർ പ്രകാരം 21700198 എന്ന വൗച്ചറിൻമേൽ കറക്ഷൻ എൻട്രി വരുത്തിയിട്ടുണ്ട്. ആയതിന്റെ കറക്ഷൻ വൗച്ചർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 1/14.09.18)

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280600499-Prior period Expenses – Remission and Refund-other incomes" എന്ന ശീർഷകത്തിൽ വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുക 3375/- രൂപക്കും, മറ്റു തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിനു സാധിച്ചിട്ടില്ല.

എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

ഭാഗം -2

വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ലേലം നടത്തിപ്പ്-ഫയൽ സൂക്ഷിക്കുന്നില്ല-മറ്റു അപാകതകൾ

2017-18 ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് രസീത് & പേമെന്റ് RP-5 ലേലം പ്രകാരം (സെയിൽ ഓഫ് സ്ക്രാപ്പ്) ഇനത്തിൽ 1813 രൂപയും, സെയിൽ ഓഫ് അദർ പ്രൊഡക്ട്സ് ഇനത്തിൽ 223200/- രൂപയും വരവുണ്ട്. ലേലം നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ, ലേലം രജിസ്റ്റർ എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

ലേലവരവ് ലേല ശീർഷകത്തിൽ ചേർത്തിട്ടില്ല

22(1)/27.9.17 പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ച നാളികേരലേലം സംബന്ധിച്ച വരവ് RP 5 'sale of usufructs Trees' എന്ന ഹെഡിൽ വരേണ്ടിയിരുന്ന.24.8.17 ൽ നടന്ന ലേലത്തിൽ 70 തേങ്ങക്ക് 15 രൂപ നിരക്കിൽ 1050 രൂപയാണ് വരവിനത്തിൽ അടക്കേണ്ടിയിരുന്നത്.ലേലം കൊണ്ട ഫസൽ തേപറമ്പിൽ അഴിക്കോട് എന്ന വ്യക്തി 19.10.2017 ന് 950/- രൂപ ഓക്ഷൻ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ആണ് പണം അടവാക്കിയിട്ടുള്ളത് (റസീറ്റ് നം. 117090100091) 100/- രൂപ ബിഡ്ഡേഴ്സ് ഇ.എം.ഡി യായി 24.08.17 ന് റസീറ്റ് നം. 117090100080 പ്രകാരവും അടവാക്കിയിട്ടുണ്ട്. എന്നാൽ ലേലം ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം.7/10.12.18) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വരവിനങ്ങൾ അതാതു ശീർഷകത്തിൽ അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2-2 വാടക-മുൻകാല ഓഡിറ്റ് പരാമർശങ്ങൾ/നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല, വാടക സംബന്ധിച്ച മറ്റ് അപാകത

1)കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയോ സർക്കാർ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ആവശ്യമെന്ന് തോന്നുന്ന ബൈലോകൾ ഉണ്ടാക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും നടപടി ക്രമങ്ങൾ പാലിച്ച് ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ ടി ചട്ടം 3 (5) പ്രകാരം സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, കരാർ കാലാവധി, വാടക നിരക്ക് വർധന, കൈമാറ്റം, അനധികൃത കൈമാറ്റങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ, കുടിശ്ശിക വരുത്തുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ എന്നിങ്ങനെ കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയോ സർക്കാർ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടു തന്നെ വ്യത്യസ്തകാലയളവുകളിലേക്ക് വാടകക്കാരുമായി കരാറിലേർപെടുകയും വിവിധ കമ്മിറ്റി തീരുമാനങ്ങൾ വഴി വ്യത്യസ്ത നിരക്കിലുള്ള വാടക വർധന നടപ്പാക്കുകയുമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തു വരുന്നത്.

2. വാടക രജിസ്റ്റർ അപാകതകൾ

ഓരോ മാസത്തേയും വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ ഉൾപ്പെടേണ്ടുന്ന വാടക ഡി.സി.ബി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ഓരോ വാടക കെട്ടിടങ്ങളിൽ നിന്നുമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രജിസ്റ്ററിൽ എഴുതിയിട്ടില്ല, 2017-18 ലെ ഡി സിബി സംക്ഷിപ്തം എഴുതിയിട്ടില്ല, സെക്യൂരിറ്റി നിക്ഷേപവിവരം (രസീത് നം സഹിതം),GST അടവാക്കിയവിവരം, വർദ്ധനവ് വിവരം, രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

എറിയാട് SHG കെട്ടിടങ്ങളിലെ കെട്ടിട വാടകക്കാരുടെ കരാർ വിവരം, വാടക വിവരം അടങ്ങിയ രജിസ്റ്റർ എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല, വാടക സെക്യൂരിറ്റി നിക്ഷേപം അതിനാൽ പരിശോധിക്കാനായില്ല.

4.നികുതി പിരിക്കുന്നതിലും കരാർ വെയ്ക്കുന്നതിലും കാര്യക്ഷമതയില്ല

കെട്ടിട നം XVIII/623E ശ്രീനാരായണപുരം (റൂം നം 5,വേക്കോട്) വാടകക്കാരൻ സുശീല മുരളീധരൻ,SC റൂം നം 4 വാടകക്കാരൻ ഉഷിത പ്രേമൻ/തങ്കമണി വിശ്വംഭരൻ എന്നിവരുടെ വാടക കരാറുകൾ യഥാക്രമം 24.06.2014 ലും 02.01.2015 ലും അവസാനിച്ചതാണ്. കരാറുകൾ പുതുക്കാതെ പ്രവർത്തിക്കാനനുവദിക്കുകയും കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്തു. റവന്യു റിക്കവറി നടപടി സ്വീകരിച്ചിട്ടില്ല. മിക്ക സ്ഥാപനങ്ങളും വാടക കരാർ അവസാനിക്കുന്ന കാലയളവിൽ കുടിശ്ശിക അടവാക്കുകയും കരാർ വൈകി വെയ്ക്കുകയും ചെയ്യുന്ന പ്രവണതയാണുള്ളത്. വാടക വർദ്ധനവിന് ഏകീകൃത സ്വഭാവം ഇല്ല.

5.കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് മുറികൾ തിരിച്ചുപിടിക്കുന്നതിലും പുനർലേല നടപടികൾ സ്വീകരിക്കുന്നതിലും അലംഭാവം

കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങൾ 2005, ചട്ടം 7 ലെ ഉപചട്ട വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. കരാറിൽ പറയുന്ന വ്യവസ്ഥകൾക്ക് ലംഘനമുണ്ടാവുന്ന പക്ഷം ഉപചട്ടം 7 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (കുടിശ്ശികയുള്ളതും ഓംബുഡ്സ്മെൻ വിധിയുള്ളതും ആയ കെട്ടിടങ്ങളിലെ വാടകക്കാരെ ഒഴിപ്പിച്ചു കെട്ടിടം പുനർലേലം നടത്തേണ്ടതാണ്)

ഇക്കാര്യങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതാണ്.

അക്കൗണ്ട്സ് അപാകതകൾ

2016-17 ലെ ബാലൻസ് ഷീറ്റ് ബി-15 പ്രകാരമുള്ള കറന്റ് ബാലൻസ് തൻവർഷത്തെ കറന്റ് ഓപ്പണിങ്ങ് ബാലൻസിലേക്കാണ് ചേർത്തിരിക്കുന്നത്. 276815/-രൂപയാണ് ഇപ്രകാരം ഓപ്പണിങ്ങ് ബാലൻസിലേക്ക് ചേർത്തിട്ടുള്ളത് (ലെഡ്ജർ നം. 431400101 വൗച്ചർ നം.41700023). ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയിൽ ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.1/14/9/18)

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 തുല്യതാ പരീക്ഷ- വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. 17/18 പ്രകാരം 10ാം തരം തുല്യത പരീക്ഷാ ഫീസിനത്തിൽ 35 ഗുണഭോക്താക്കൾക്ക് 1750 രൂപാ നിരക്കിൽ 61250 രൂപ ബിൽ നം. 23/17-18/30.10.17 പ്രകാരം പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകി കാണുന്നു. എന്നാൽ ഗുണഭോക്താക്കളെ കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം, ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം നൽകിയിതിന്റെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 കോൺഫറൻസ് ഹാളിലേക്ക് എൽ.സി.ഡി വാങ്ങിയത് - വാറന്റി സംബന്ധിച്ച വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയില്ല.കരാർ പുതുക്കാൻ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രോജക്ട് നം. 125/18 പ്രകാരം തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് തൃശ്ശൂർ കംപ്യൂട്ടർ സെന്റർ എന്ന സ്ഥാപനത്തിൽ നിന്നും കോൺഫറൻസ് ഹാളിലേക്ക് എൽ.സി.ഡി പ്രോജക്ടർ വാങ്ങിയിട്ടുണ്ട്. എൽ.സി.ഡി. പ്രോജക്ടറുകൾ വാങ്ങുമ്പോൾ 5 വർഷ വാറന്റിയും ലാമ്പ് ലൈഫ് കുറഞ്ഞത് 3000 മണിക്കൂറും ഉറപ്പാക്കണമെന്ന് ഐ.ടി. മിഷൻ പുറപ്പെടുവിച്ച സ്പെസിഫിക്കേഷൻ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനവുമായി ഏർപെട്ട കരാറിൽ വാറന്റി സംബന്ധിച്ച വിവരങ്ങൾ ഉൾപെടുത്തിയിട്ടില്ല. ഐ.ടി. മിഷൻ നിർദ്ദേശിച്ച പ്രകാരമുള്ള വ്യവസ്ഥകൾ കരാറിലുൾപെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3-2(1) പർച്ചേസ് നടപടിക്രമങ്ങൾ സംബന്ധിച്ച ഫയൽ ഹാജരാക്കിയില്ല.

ഇനം	ബിൽ നം. തീയ്യതി	തുക
ലാപ്പ്ടോപ്പ്	9/17-18/15/7/17	269700
ജനറേറ്റർ	8/17-18/15/7/17	379000
മൈക്ക്	7/17-18/15/7/17	95000

ബ്ലോക്ക് പഞ്ചായത്തിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം ലാപ്പോപ്പുകൾ (പ്രോ.നം. 80/18 തുക-2,69,700), ജനറേറ്റർ (പ്രോ.നം. 78/18 തുക3,79,000),കോൺഫറൻസ് ഹാളിലേക്ക് മൈക്ക് (പ്രോ.നം. 36/18-തുക95,000) എന്നിങ്ങനെ വിവിധ സ്പിൽ ഓവർ പദ്ധതികൾ പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും പർച്ചേയ്സ് നടപടിക്രമങ്ങൾ സ്വീകരിച്ചത് സംബന്ധിച്ച് ഫയലുകൾ ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഫയൽ ലഭ്യമാക്കാത്ത പക്ഷം ഫയലുകൾ നിലവിലില്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് പരിശോധനയും സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3-3 വകയിരുത്തിയ തുക ചെലവഴിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി.

ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ സംയുക്ത പ്രോജക്ടുകളുടെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുക പൂർണമായി ചെലവഴിക്കാതെ സഞ്ചിത നിധിയിൽ തിരികെ അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഗ്രാമപഞ്ചായത്തിന്റെ പേര്	അനുവദിച്ച തുക	കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കിയ തുക
1	25/18/സാന്ത്വന പരിചരണം വിഹിതം നൽകൽ	പെരിഞ്ഞനം	275000	25000
2	,,	എസ്.എൻ.പുരം	200000	75200

3	51/18/ മത്സ്യതൊഴിലാളികൾക്ക് ഉപകരണങ്ങൾ നൽകൽ	പെരിഞ്ഞനം	100000	1,00,000
	ആകെ		575000	200200

വിവിധ ഗ്രാമപഞ്ചായത്തുകളിലെ അർഹരായ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി രൂപീകരിച്ച സംയുക്തപദ്ധതികൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുക വിനിയോഗിക്കാതെ തിരികെ സഞ്ചിത നിധിയിൽ തിരിച്ചടവാക്കിയിരിക്കുന്നു. യഥാർത്ഥത്തിൽ, ജനങ്ങൾക്കാവശ്യമുള്ള പദ്ധതികളായിരുന്നു ഇവ? അല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാൻ പോയത് എന്ന് വിലയിരുത്തേണ്ടതും, ഉചിതമായ നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

3-4 ജല സാക്ഷരതയും ജല സംരക്ഷണ പ്രവർത്തനങ്ങളും - പദ്ധതി ലക്ഷ്യം നേടിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തനതു ഫണ്ട് പ്രൊജക്ട് നം.118/18 ജലസാക്ഷരതയും ജലസംരക്ഷണ പ്രവർത്തനങ്ങളും പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഏഴ് തീരദേശ ഗ്രാമപഞ്ചായത്തുകളിലെ 500ലധികം വീടുകളിൽ 50 എൻ.എസ്.എസ് വളണ്ടിയർമാരെ ഉപയോഗിച്ച് ജലപരിശോധന നടത്തുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിക്കായി വകയിരുത്തിയ 140000/-രൂപയിൽ 46815/- രൂപ ചെലവഴിച്ചിട്ടുണ്ട്.
അമിതമായ ഭൂഗർഭജലചൂഷണം മൂലം കൊടുങ്ങല്ലൂർ താലൂക്കിനെ കേന്ദ്ര ഭൂജലവകുപ്പ് ക്രിറ്റിക്കൽ വിഭാഗത്തിലുൾപെടുത്തിയിട്ടുണ്ട്. വർധിച്ചു വരുന്ന മലിനജല ഉപഭോഗം മൂലം തീരദേശ പഞ്ചായത്തുകളിൽ വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ജലപരിശോധന നടത്തി ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത്.

പദ്ധതിയുടെ ഭാഗമായി 12.2.18, 6.2.18 എന്നീ തിയതികളിൽ ഏകദിന പരിശീലനം നടത്തുകയുണ്ടായി. ജലപരിശോധന നടത്തുന്നതിനായി കെമിന്റ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ജലപരിശോധനാ കിറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ജലപരിശോധന നടത്തുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിക്കായി വാങ്ങിയ കെമിക്കലുകൾ ജലപരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-5 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ സംയുക്ത പദ്ധതികളുടെ ബ്ലോക്ക് വിഹിതമായി തുക നൽകിയിട്ടുണ്ടെങ്കിലും തുക പൂർണമായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഗ്രാമപഞ്ചായത്ത്	ബിൽ നം./ തിയതി	വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്
1	30/18/ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	എറിയാട്	1/17-18/28.10.17	47600
2	28/18/പൂരക പോഷകാഹാരം	എടത്തിരുത്തി	2/17-18/30.10.17	46360
3	132/18/ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ	എസ്.എൻ.പുരം	7/17-18/19.12.17	93521
4	,,	എടവിലങ്ങ്	,,	1,00,000
5	154/18/കട്ടിൽ വിതരണം വിഹിതം നൽകൽ	എസ്.എൻ.പുരം	63/17-18/29.2.18	5,00,000
6	25/18/സാന്ത്വന പരിചരണം വിഹിതം നൽകൽ	കൈപമംഗലം	ലഭ്യമല്ല	2,00,000
7	,,	എടവിലങ്ങ്	ലഭ്യമല്ല	79,061

8	51/18/ മത്സ്യതൊഴിലാളികൾക്ക് ഉപകരണങ്ങൾ നൽകൽ	മതിലകം	ലഭ്യമല്ല	1,00,000
9	,,	കൈപമംഗലം	ലഭ്യമല്ല	1,00,000
	ആകെ			12,66,542

പദ്ധതിക്കായി തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-6 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം ലൈസൻസ് ലഭ്യമാക്കണം.

അടങ്കൽ 680000/- ജനറൽ സ്പിൽ ഓവർ പ്രൊജക്ട് 46/18, ചെലവ് 675000 ബിൽ നമ്പർ 12/17-18/2/3/18 6 ലക്ഷം, 12/17-18/2/3/18. 75000/- എസ്.സി. സ്പിൽ ഓവർ പ്രൊജക്ട് – 45/18, അടങ്കൽ 820000/-, ചെലവു തുക 820000/-,
ബിൽ നമ്പർ – 15/17-18/2/3/18 370000/-
ബിൽ നമ്പർ – 14/17-18/2/3/18 450000/-
സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പ്രോജക്കുകൾ പ്രകാരം 2017-18 വർഷത്തിൽ ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതിയിലുൾപെടുത്തി ജനറൽ വിഭാഗത്തിന് 9പേർക്കും എസ്.സി വിഭാഗത്തിന് 11 പേർക്കും സൈഡ് വീൽ ഘടിപ്പിച്ച ഇരു ചക്രവാഹനങ്ങൾ കെൽട്രോൺ മുഖേന 75000 രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി ഏർപെട്ട കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ലൈസൻസ് എടുത്ത് പകർപ്പുകൾ ഹാജരാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 8 ഗുണഭോക്താക്കൾ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ലാത്തതാണ്. നിയമവിരുദ്ധമായി വാഹനം ഉപയോഗിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഗുണഭോക്താക്കളുടെ ലൈസൻസ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-7 ഭവന നിർമ്മാണ പദ്ധതികൾ- പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ജനറൽ, പട്ടികജാതി വിഭാഗത്തിൽ പെട്ട ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് വീടു പണിയുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഏഴ് തീരദേശ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് താഴെ കാണും പ്രകാരം ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട് നം./പേര്	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവു ശതമാനം
1	3/18 PMAY ജനറൽ	868000	768000	88.4
2	143/18ലൈഫ് ജനറൽ	1080933	679668	62.8
3	157/18ലൈഫ് ജനറൽ-അധികവിഹിതം	1192190	1192190	100
4	155/18 ലൈഫ് ഫിഷറീസ്	100000	100000	100
5	4/18 PMAY പട്ടികജാതി	792000	288000	36.3
6	138/18PMAYപട്ടികജാതി അധിക വിഹിതം	1229000	80000	6.5
7	144/18 ലൈഫ് പട്ടികജാതി	1814533	1509084	83
8	158/18 ലൈഫ് പട്ടികജാതി അധിക വിഹിതം	1882000	1182662	62.8
ആകെ		**8958686**	**5799604**	**64.7**

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ പത്രിക പ്രകാരം 2010-11 മുതൽ 2017-18 വരെ വർഷങ്ങളിലായി 1453 വീടുകൾ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുകയും ഇതിൽ 1111 ഗുണഭോക്താക്കളുമായി കരാറിലേർപെടുകയും ചെയ്തു. ഇതിൽ

തൻവർഷം വീടുപണി പൂർത്തീകരിച്ച 135 ഗുണഭോക്താക്കൾ ഉൾപ്പടെ ആകെ 984 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 31.3.18 ന് 127 വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. 31.3.18 നു ശേഷം 55 വീടുകൾ കൂടി പൂർത്തികരിച്ചതായും നിലവിൽ 72 വീടുകൾ പൂർത്തീകരിക്കാനുള്ളതായും അറിയിക്കുകയുണ്ടായി.

2001-02 മുതൽ 2015-16 വരെ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ളതും പ്രവത്തി പൂർത്തീകരിക്കാത്തതുമായ 47 വീടുകളെ ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപെടുത്തി പ്രവൃത്തി പൂർത്തീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് രൂപീകരിക്കുകയുണ്ടായി. ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിലുൾപെടുത്തി 21 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുൻപ് നിർമ്മാണം ആരംഭിച്ചതും പ്രവൃത്തി പൂർത്തീകരിക്കാതെ കിടന്നിരുന്നതുമായ 21 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. അവശേഷിക്കുന്ന 26 വീടുകൾ കൂടി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17, 2017-18 വർഷങ്ങളിൽ പി.എം.എ.വൈ. ജനറൽ, പട്ടികജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്കായി ആകെ 223 പേർ ഭവന നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപെടുകയും 31.3.2018 വരെ 177 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 46 ഗുണഭോക്താക്കൾ ഇനിയും ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു.

ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിലുൾപെട്ട 26 ഗുണഭോക്താക്കളും പി.എം.എ.വൈ. പദ്ധതിയിൽപെട്ട 46 ഗുണഭോക്താക്കളും കൂടി ആകെ 72 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുള്ളതായി കാണുന്നു. ഇതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-8 എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ

പ്രോജക്ട് : എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി(S.O)

പ്രോജക്ട് നമ്പർ : S059/17-18

ബിൽനമ്പർ :
1/17-18/8-9-17 – 209999
6/17-18/28-10-17 – 9999
11/17-18/9-1-18 – 29997
13/17-18/8-02-18 – 49999
15/17-18/20-02-18 – 9999
24/17-18/31-03-18 – 29999

അടങ്കൽ :400006/-

തുക : 339990

1. മേൽ പ്രോജക്ടിനായി ബില്ലുകൾ പ്രകാരം 339990 രൂപ ചെലവഴിച്ചിട്ടുണ്ട്. വാസയോഗ്യമായ 800 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീട് ഉള്ളവർക്കാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായത്തിന് അർഹതയുള്ളത്. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ച.അടിയിൽ കുറയാതെ വിസ്തീർണ്ണമുണ്ടായിരിക്കേണ്ടതുമാണ്. ധനസഹായം നൽകപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	പഞ്ചായത്ത് കെട്ടിടനം	ഗഡു,തുക
1	ഷൺമുഖൻ കുറ്റാട്ട്	എറിയാട്,21/464	3,4-20000/-, 9999/-
2	രാജേന്ദ്രൻ ചേന്നറ	ശ്രീനാരായണപുരം 2/119	3,4-20000, 9999
3	കനകലത	എടവിലങ്ങ്,1/90	3,4-20000, 9999
4	രമേഷ് വി.വി	മതിലകം,10/431	3,4-20000, 9999
5	രാജു ടി.ജി	ശ്രീനാരായണപുരം 7/132	2,3,4-30000,20000, 9999
6	സുദർശനൻ	മതിലകം,7/377	2,3,4-30000,20000, 9999
	ആകെ		239994/-

ഇവർക്ക് തുക നൽകിയത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. 6

ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചത്.

2. താമസിക്കുന്ന പഞ്ചായത്തിൽ നിന്നു കെട്ടിട എക്സ്റ്റൻഷ്യൻ എടുക്കുന്നതിനു സെക്രട്ടറിയുടെ നിരാക്ഷേപസാക്ഷ്യപത്രം, കെട്ടിട സൈറ്റ്പ്ളാൻ എന്നിവ ലഭ്യമാക്കാതെ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	പഞ്ചായത്ത് കെട്ടിടനം	നൽകിയ ഗഡു,തുക
1	മനോഹരൻ	മതിലകം,1/411	9999/-
2	കാർത്തികേയൻ	കൈപമംഗലം, 9/159	3,4-20000/-, 9999/-
3	രാജി സഹജൻ	പെരിഞ്ഞനം,11/281,NOC ഉണ്ട്,പ്ളാൻ ഇല്ല	3,4-20000/-, 9999/-
	ആകെ		69997/-

രേഖകൾ ലഭ്യമാക്കാത്തതിനോടൊപ്പം. പഠനമുറിയോടുകൂടിയ കെട്ടിടങ്ങളുടെ കെട്ടിടനികുതി പരിഷ്കരിച്ച് അസസ്സ് ചെയ്തിട്ടുണ്ടോ എന്നുറപ്പുവരുത്തേണ്ടതാണ്. (GO(Rt)1687/17/23/5/17)

3-9 പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി നം 32/18 പ്രകാരം പട്ടിക ജാതി സാംസ്കാരിക കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വർദ്ധനവിന് വിഹിതം നൽകുന്നതിലേക്കായി ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ആകെ 6,50,000/-രൂപ നൽകിയിട്ടുണ്ടെങ്കിലും

അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വിഹിതം ലഭിച്ച പഞ്ചായത്ത് /പദ്ധതി നം	നൽകിയ തുക	ബിൽ നം/ തീയതി	U C ലഭിച്ചത്	നൽകിയ തുക
1	എറിയാട്(so/226/18)	100000/-	4/17-18 / 26.10.17	ഇല്ല	1,00,000/-
2	മതിലകം(167/18)	1,50,000/-	9/17-18 / 24.11.17	ഇല്ല	1,50,000/-
3	എടത്തിരുത്തി(187/18)	3,00,000/-	12/17-18 / 25.1.18	ഇല്ല	3,00,000/-
4	എടവിലങ്ങ്(so/100/18)	1,00,000/-	18/17-18 / 27.2.18	ഇല്ല	1,00,000/-
	ആകെ				6,50,000/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/11.12.18) മറുപടി ലഭ്യമാക്കാത്തതിനാൽ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ അപാകത നിലനിൽക്കുന്നതാണ്.

3-10 ഗുണഭോക്തൃ ലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പദ്ധതിതുടങ്കൽ : 14,00,000

ചെലവ് : 7,30,000

പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി നം 56/18 പ്രകാരം 8,9,10 ക്ലാസ്സുകളിലെ എസ് സി വിദ്യാർത്ഥികൾക്ക്

സൈക്കിൾ വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ആകെ 7,30,000/- രൂപ നൽകിയിട്ടുണ്ട്. അവയുടെ വിനിയോഗ സാക്ഷ്യപത്രം, എസ് സി വിദ്യാർത്ഥികളുടെ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വിഹിതം ലഭിച്ച പഞ്ചായത്ത് / പദ്ധതി നം	നൽകിയ തുക	ബിൽ നം/ തീയതി	റിമാർക്ക്സ്	നൽകിയ തുക
1	ശ്രീനാരായണപുരം (s056/18)	200000/- 30000	8/17-18 / 24.11.17,23/17-18 / 31.3.18	U C ഇല്ല,ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല	200000/- 30000
2	മതിലകം(s023/18)	1,00,000/-	9/17-18 / 24.11.17	ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല	1,00,000/-
3	എടത്തിരുത്തി (s0142/18)	2,00,000/-	10/17-18 / 21.12.17	UC ഇല്ല,ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല	2,00,000/-
	ആകെ				5,30,000/-

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻകയറി(നം 9/11.12.18) നൽകിയിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം/ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുന്നതു വരെ അപാകത നിലനിൽക്കുന്നതാണ്, സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.80/2017/ ത.സ്വ.ഭ.വ, തിയ്യതി .03.04.2017 ഖണ്ഡിക.11.8.5 പ്രകാരം പട്ടികജാതി വകുപ്പിൽ നിന്ന് സഹായം ലഭിച്ചിട്ടില്ല എന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ ഈ ഗുണഭോക്താക്കളിൽ നിന്ന് അത്തരം സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3-11 വ്യവസായവികസന ഓഫീസർ -സന്നദ്ധ ഗ്രൂപ്പുകളെ കണ്ടെത്താൻ കഴിയാതിരുന്നതു മൂലം പ്രൊജക്ട് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

സാമ്പത്തിക വർഷം രണ്ടു സ്പിൽ ഓവറടക്കം നാല് പ്രൊജക്ടുകളിലായി 29,08,350 രൂപ അടങ്കൽ വകയിരുത്തിയെങ്കിലും സന്നദ്ധ ഗ്രൂപ്പുകളെ കണ്ടെത്താൻ കഴിയാതിരുന്നതു മൂലം പ്രൊജക്ട് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഗ്രാമീണമേഖലയിൽ തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ ഉതകുന്നതാണ് വ്യവസായമേഖലാപ്രൊജക്ടുകൾ എന്നിരിക്കെ അവ നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തപ്പെടേണ്ടതാണ്.

പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും തന്നെ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമാണ്.

3-12 വാഹന പരിപാലനം അപാകതകൾ

മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 47 ബി 4444 മഹീന്ദ്ര സൈലോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രതിമാസ സംക്ഷിപ്തം എഴുതിയിരിക്കുന്നതിൽ ഇന്ധന നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റായ രീതിയിലാണ്.

ഉദാ:-

മാസം/വർഷം	ഇന്ധന നീക്കിയിരിപ്പ്
സെപ്തംബർ/2017	74.56 ലിറ്റർ
ഒക്ടോബർ/2017	77.69 ,,
നവംബർ/2017	86.68 ,,
ഡിസംബർ/2017	81.00 ,,
ജനുവരി/2018	99.00 ,,
ഫെബ്രുവരി/2018	78.39 ,,
മാർച്ച്/2018	105 ,,

വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷി 60 ലിറ്റർ മാത്രമായിരിക്കെ അതിൽ കവിഞ്ഞ നീക്കിയിരിപ്പ് അസാധ്യമാണ്.

2. ഇന്ധനം നിറയ്ക്കുന്നത് ഫുൾടാങ്ക് കപ്പാസിറ്റിയിലല്ല. കൂടാതെ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ലോഗ്ബുക്കിലെ മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് പരിഹരിക്കേണ്ടതും ലോഗ്ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വാഹന പരിപാലനം സംബന്ധിച്ച 30/06/17 ലെ G.O(ms)170/07/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ചട്ടങ്ങൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-13 കാൻസർ നിർണ്ണയ ക്യാമ്പ് -മാർഗ്ഗരേഖ പാലിക്കണം

പദ്ധതി നമ്പർ 75/18 കാൻസർ നിർണ്ണയ ക്യാമ്പ്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി

അടങ്കൽ 5,00,000

ചെലവ് 2,76,480
ബിൽ നമ്പർ – 15/17-18 തീയതി 24.03.18

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ S00/75 കാൻസർ നിർണ്ണയ ക്യാമ്പുമായി (അടങ്കൽ 5,00,000 ചെലവ് 2,76,480) ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ രോഗ നിർണ്ണയത്തിനുപരിയായി പരിശീലന പരിപാടിയായാണ് ടി ക്യാമ്പ് നടത്തപ്പെട്ടിരിക്കുന്നതെന്ന് കാണുന്നു. 13-ാം പദ്ധതി മാർഗ്ഗരേഖ 12-7 പ്രകാരം ഇത്തരം ക്യാമ്പുകൾ നടത്തുന്നതിന് നിയന്ത്രണമുണ്ടെങ്കിലും ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ അനുവദനീയമാണ്. ക്യാമ്പിൽ ഓങ്കോളജിയിൽ നൈപുണ്യമുള്ള ഡോക്ടറുടെ സേവനം ലഭ്യമായിരുന്നില്ല. കൂടാതെ പദ്ധതി തുക മുഴവൻ ചെലവഴിച്ചിട്ടുമില്ല, പദ്ധതിക്ക തുപം നൽകുമ്പോൾ മാർഗ്ഗരേഖയുടെ അന്ത:സത്ത കൃത്യമായി ഉൾക്കൊള്ളുവാൻ ശ്രദ്ധ ചലുത്തേണ്ടതാണ്.

3-14 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണം ഡയറി എക്സ്റ്റൻഷൻ ഓഫീസർ

നമ്പർ 29/18 പാലിന് സബ്സിഡി ബ്ലോക്ക് വിഹിതം നൽകൽ

(അടങ്കൽ 21,00,000 ചെലവ് 21,00,000, ബിൽ നമ്പർ: BP1/17-18/30/10/17)

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ 29/18 പാലിന് സബ്സിഡി ബ്ലോക്ക് വിഹിതം നൽകൽ പദ്ധതി പ്രകാരം എടവിലങ്ങ്, എടത്തിരുത്തി, എറിയാട് പഞ്ചായത്തുകൾക്ക് മൂന്ന് ലക്ഷം രുപ വീതം വിഹിതം നൽകിയിട്ടുണ്ട് എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതായി കാണുന്നില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3-15 ഒഴിഞ്ഞുകിടക്കുന്ന വൃദ്ധസദനം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിനായി താൽകാലിക കൈമാറ്റം

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കൂരിക്കഴി എന്ന സ്ഥലത്ത് വർഷങ്ങളായി ഒഴിഞ്ഞുകിടന്നിരുന്ന വൃദ്ധസദനം കെട്ടിടം പുതുതായി അനുവദിച്ചിട്ടുള്ള കൈപ്പമംഗലം പോലീസ് സ്റ്റേഷന് കെട്ടിടം നിർമിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നിർമിക്കുന്നത് വരെ പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിന് അനുവദിക്കണമെന്നുള്ള ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി.യുടെ 27/7/17അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്നുചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 2/1 തീരുമാനമനുസരിച്ച് താൽക്കാലികമായിമാത്രം കെട്ടിടം അനുവദിക്കാൻ നിശ്ചയിച്ചിരുന്നു. തുടർന്ന് ബഹു.കൈപ്പമംഗലം എം.എൽ.എ.ശ്രീ.ടൈസൺ മാസ്റ്ററുടെ 16/5/18ലെ കത്ത് പ്രകാരവും ബഹു.കേരള ഗവർണറുടെ ഉത്തരവിൻപ്രകാരവും ത.സ്വ.ഭ.വകുപ്പ് (ഡി) ഡെപ്യൂട്ടി സെക്രട്ടറി പുറപ്പെടുവിച്ച സ.ഉ.(സാധാ)1579/2018/ത.സ്വ.ഭ.വതീയ്യതി, തിരുവനന്തപുരം 10/16/18 നം. ഉത്തരവ് പ്രകാരവും കെട്ടിടം ഒരുവർഷത്തേക്ക് പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിനുള്ള അനുവാദം നൽകപ്പെട്ടു. മറ്റ് നിബന്ധനകളൊന്നും തന്നെ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടില്ല. ഉത്തരവിന്റെ പകർപ്പ് ആഭ്യന്തരവകുപ്പിന് നൽകാൻ രേഖപ്പെടുത്തിയിട്ടുമില്ല. കെട്ടിടം കൈമാറിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സർക്കാർ ഉത്തരവിനനുസൃതമായി കെട്ടിടം തിരികെ ലഭിക്കുമ്പോൾ ആയത് സക്രിയമായ ആസ്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ യഥാവിധി സ്വീകരിക്കേണ്ടതാണ്.

3-16 മരാമത്ത് പണികളുടെ നിർവഹണത്തിന്മേലുള്ള

പരാമർശങ്ങൾ വേക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടനിർമാണം - അപാകതകൾ

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടനിർമാണം-ജനറൽ

മൂന്ന് മുറികളുള്ള പ്രസ്തുതകെട്ടിടം സന്ദർശിച്ചപ്പോൾ ഓരോ മുറിയിലും നടുവിലായി നെടുകെ വിള്ളലുകൾ കണ്ടു.പില്ലറുകളുടെയും സോളിഡ് ബ്ളോക്കിന്റെയും ഇടയിലുള്ള ഗ്യാപ്പിലാണ് ഇത് സംഭവിച്ചതെന്ന് അസി.എൻജിനീയറും കരാറുകാരനും സൂചിപ്പിച്ചു. ആയത് സ്വാഭാവികമെന്നാണ് അറിയിച്ചത്. ഈ അപാകത പരിഹരിക്കാമെന്ന് 12/11/12/18ലെ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പണിഞ്ഞുതീർന്നയുടൻ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചത് അന്വേഷണ വിധേയമാക്കുവാൻ ഓഡിറ്റിൽ ആവശ്യപ്പെടുന്നു. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

അനുബന്ധവിവരങ്ങൾ

പ്രൊജക്ട് നം.	7/18
അടങ്കൽ	1500000
നി.ഉദ്യോഗസ്ഥൻ	അസി.എൻജിനീയർ
കരാറ്	12/AEE/LSGD/17-18/1/1/8
കരാറുകാരൻ	കെ.ബി.സത്യൻ
അളവുപുസ്തകം,ബിൽ നം.,തുക	28/17-18/28/3/18-1349900

3-17 കാന്റീൻ-പ്രവർത്തനമാരംഭിക്കേണ്ടതാണ്.

2016-17 വർഷം കാന്റീൻ വിപുലീകരണപ്രവർത്തനമാരംഭിച്ചു. ആയത് 2017-18 വർഷം പൂർത്തീകരിച്ചു. തുടർന്ന് പൂർത്തീകരണപ്രവൃത്തികൾക്കായി 2017-18 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചു. 28/6/18ന് പദ്ധതി പൂർത്തിയാക്കി. നല്ല രീതിയിൽ പണി തീർത്ത കാന്റീൻ കെട്ടിടം ഇതുവരെ പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. രണ്ടു പദ്ധതികളിലുമായി ഇതിനായി 1037036 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെലവുവിവരം

ബിൽ നം.	തുക
21/16-17/30/3/17	173427
6/17-18/30/6/17	425229
29/17-18/28/3/18	222860
6/18-19/തിയ്യതി ലഭ്യമല്ല	215520
ആകെ	1037036

എത്രയും വേഗം കാന്റീൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതാണ്.

3-18 കോൺഫറൻസ് ഹാൾ നവീകരണം - ലഭിച്ച പഴയ സ്റ്റീലിന്റെ ലേല വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ: 23/18

1687000/- രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം ഒന്ന് പ്രകാരം 1369.80kgmസ്റ്റീലും എക്സ്ട്രാ ഇനം രണ്ട് ആയി 1733.22 kgm

സ്റ്റീലു നീക്കം ചെയ്തിട്ടുണ്ട്. (മൊത്തം3103.02kg) ഇതിൽനിന്നും 1304.09kg സ്റ്റീൽ ഈ പ്രവത്തിയുടെ എക്സ്ട്രാ ഇനം ഒമ്പത് ആയ സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. 375kg ലേലം ചെയ്യുന്നതിനായി സർവെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതേ തുടർന്ന് അവശേഷിച്ച സ്റ്റീൽ (1423.93 Kg) 10.12.18 ന് ലേലം നടത്തിയിട്ടുള്ളതായി 12/11/12/18 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട് ആയതിന്റെ സർവ്വേ റിപ്പോർട്ട്, ലേലത്തുക അടവാക്കിയ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അനുബന്ധവിവരങ്ങൾ

പ്രൊജക്ട് നം.	23/17-18
കരാറുകാരൻ	ശ്രീ.പി.നന്ദകുമാർ
കരാർ	27/AEE/LSGD/17-18/9/1/18
നി.ഉദ്യോഗസ്ഥൻ	അസി.എക്സി.എൻജിനീയർ

ബിൽ നം.	31/21/3/18
തുക	1686412
അളവുപുസ്തകം	32/16-17, 45/15-16

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (മുന്നിരിപ്പുസഹിതം)	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ് (ബാങ്ക് പലിശ സഹിതം)
ജില്ലാപഞ്ചായത്ത്	2017-18	14824805	പി.എം.എ.വൈ.ഭവനം	10385700	4439105
ഗ്രാമ പഞ്ചായത്ത്	2017-18	1315000	പി.എം.എ.വൈ.ഭവനം	737000	578000

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഇല്ല					

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഐ എ വൈ ഭവനം	ലഭ്യമല്ല	2965504	179111	179111		ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999	3-4	2006-07		അറവുശാല സ്ഥലം വാങ്ങിയത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2001-02	3-10	2006-07		മതിലകം മാർക്കറ്റ് നിർമ്മാണം	പരാമർശം നിലനിൽക്കുന്നു
2002-03	3-5	2006-07		റോഡ് റോളർ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച	പരാമർശം നിലനിൽക്കുന്നു
2010-11	2-3			റോഡ് റോളർ കേടായി കിടക്കുന്നത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2010-11	3-2			അംഗൻവാടികളോടനുബന്ധിച്ച് വൃദ്ധർക്ക് വിശ്രമ കേന്ദ്രം	പരാമർശം നിലനിൽക്കുന്നു
2010-11	3-11			റബ്ബറധിഷ്ഠിത വ്യവസായം - പ്രവർത്തനരഹിതം വിശദീകരണം	പരാമർശം നിലനിൽക്കുന്നു

4-7(i)ചാർജ്ജ് സർചാർജ്ജ്

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	71929083
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	79989559
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,49,900

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക 3.16 വെക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മാണം: അപാകത 1349900/-
ഉത്തരവാദിയായ വ്യക്തി: ശ്രീ.മന്മദൻ പി.സി (അസി. എക്സി. എഞ്ചീനിയർ)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07
1999-2000	എൽ.എഫ്.ടി.12-851/06/12.10.06
2000-01	എൽ.എഫ്.ടി.12-850/06/12.10.06/28.2.07
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008
2003-04	എൽ.എഫ്.ടി.21-2568/07/25.11.08
2004-05	എൽ.എഫ്.ടി.21-2567/07/25.11.08
2005-06	എൽ.എഫ്.ടി.21-795/09/22.5.10
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13/4.11.13
2012-13	എൽ.എഫ്.ടി.(ബി.പി)1025/2014/8.10.14/3.12.14
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16/8.01.2016
2014-15,2015-16	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)662/2017/2.06.17/12.6.17
2016-17	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)1743/2017/8.12.17

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ്	സംക്ഷിപ്തം (Audited Abstract)

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ